



# എന്താണ് അപ്പൊക്രിഫ?

**Bro. Jaison John**



ബൈബിൾ പഠിക്കുന്ന ഏതൊരു വ്യക്തിക്കും അറിവുള്ള കാര്യമാണ്; പ്രൊട്ടസ്റ്റന്റ് സഭകൾ ഉപയോഗിക്കുന്ന ബൈബിളിൽ 66 പുസ്തകങ്ങൾ ഉണ്ട് എന്നാൽ കത്തോലിക്ക സഭ അംഗീകരിച്ച ബൈബിൾ 73 പുസ്തകങ്ങൾ അടങ്ങുന്നതാണ് എന്നുള്ളത്. അതായത് കത്തോലിക്ക ബൈബിളിലെ പഴയനിയമത്തിൽ 7 പുസ്തകങ്ങൾ കൂടുതലായുണ്ട്. (പ്രൊട്ടസ്റ്റന്റ് ബൈബിളിലെ പഴയനിയമത്തിൽ 39 പുസ്തകങ്ങളാണെങ്കിൽ കത്തോലിക്ക ബൈബിളിലെ പഴയ നിയമത്തിൽ 46 പുസ്തകങ്ങൾ ഉണ്ട്. ഇരുകൂട്ടരും ഉപയോഗിക്കുന്ന പുതിയനിയമത്തിൽ 27 പുസ്തകങ്ങൾ വീതവും) ഈ ഏഴു പുസ്തകങ്ങളെ ഉത്തര കാനോനികം (Deutero canonicals) എന്ന് വേർതിരിച്ച് കത്തോലിക്കസഭ ഉപയോഗിക്കുന്നു. എന്നാൽ പ്രൊട്ടസ്റ്റന്റ് സഭകൾ ഈ ഗ്രന്ഥങ്ങളെ 'അപ്പൊക്രിഫ' (Apocrypha) എന്നു വിളിക്കുന്നു.

കാനോൻ എന്നത് ഗ്രീക്ക്പദമായ 'kanon' ന്റെ ഇംഗ്ലീഷ് രൂപമാണ്. ശബ്ദാർത്ഥം 'ദണ്ഡ്' അല്ലെങ്കിൽ അളവുകോൽ. അതായത് ഏതെങ്കിലും എഴുത്തുകളുടെ വിശ്വാസ്യത അളക്കുവാനുപയോഗിക്കുന്ന norm അല്ലെങ്കിൽ standard.

(ഗ്രീക്ക്/പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ ഉപയോഗിക്കുന്ന ബൈബിളിൽ 78 പുസ്തകങ്ങൾ അടങ്ങുന്നു. എന്നാൽ എത്യോപ്യൻ ഓർത്തഡോക്സ് ബൈബിളിൽ 81 പുസ്തകങ്ങളാണ് ഉള്ളത്.)

അപ്പൊക്രിഫ എന്ന പദം 'apokruphos' എന്ന ഗ്രീക്ക് ധാതുവിൽ നിന്നും ഉൽഭവിച്ചതാണ്. ഇതിന്റെ അർത്ഥം മറയ്ക്കപ്പെട്ടത് (hidden) എന്നാണ്. മറച്ചുവയ്ക്കപ്പെട്ട തെന്നോ, ഉൽപ്പത്തിയെപ്പറ്റി ആധികാരികമായി അറിയാത്തതെന്നോ ഉള്ള അർത്ഥത്തിൽ 'അപ്പൊക്രിഫ' എന്ന പദം വിവക്ഷിക്കപ്പെടുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും ചരിത്രാതീതകാലം മുതൽ ചില സമൂഹങ്ങൾ തങ്ങളുടെ ഗുപ്തമായ ഉപയോഗത്തിനായി മറയ്ക്കപ്പെട്ട പല ഗ്രന്ഥങ്ങളും ഉപയോഗിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

സെയ്ന്റ് അഗസ്റ്റിന്റെ വാക്കുകളിൽ, മറച്ചു വയ്ക്കപ്പെട്ട ഗ്രന്ഥങ്ങൾക്ക് പ്രാധാന്യമോ, മൂല്യമോ കൂടിയതുകൊണ്ടു മാത്രം ആവണമെന്നില്ല, മറിച്ച്, തെളിവുകളുടെ അഭാവത്തിൽ അവയുടെ വിശ്വാസ്യത നിഗൂഢമായതുകൊണ്ടും അവ അത്തരത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. വേദവിപരീതമായ പരാമർശങ്ങൾ അടങ്ങിയിട്ടുള്ളതുകൊണ്ടും ചില ഗ്രന്ഥങ്ങൾ ഗുപ്തമാക്കി വയ്ക്കുവാൻ ഇടയായിട്ടുണ്ട്.

അപ്പൊക്രിഫ എന്നു സാമാന്യമായി വിശേഷിപ്പിക്കപ്പെടുന്ന ഗ്രന്ഥങ്ങൾ പ്രധാനമായും B.C.2-ാം നൂറ്റാണ്ടിനും A.D.1 -ാം നൂറ്റാണ്ടിനും ഇടയിൽ ഉണ്ടായവയാണ്. അവ എബ്രായ കാനോന്റെ ഭാഗമായിരുന്നില്ല.

ഏതെല്ലാമാണ് അപ്പൊക്രിഫ ഗ്രന്ഥങ്ങൾ? വേർതിരിച്ചു കണക്കാക്കിയാൽ അവ എണ്ണത്തിൽ പതിന്നാലാണ്.

1. എസ്രാ ഒന്നാം പുസ്തകം (Esdras - 1st)
2. എസ്രാ രണ്ടാം പുസ്തകം (Esdras - 2nd)
3. തോബിത്ത് (Tobit)

4. ജൂഡിത്ത് (Judith )
5. എസ്തെറിന്റെ ശിഷ്ടപുസ്തകം (The Rest of Esther)
6. ശലോമോന്റെ വിജ്ഞാനം (Wisdom of Solomon)
7. സിറാക്കിന്റെ പുത്രനായ യേശുവിന്റെ വിജ്ഞാനം (Ecclesiasticus)
8. ബാരൂക്ക് (Baruch)
9. മൂന്നു ബാലൻമാരുടെ ഗാനം (Song of the Three Holy Children)
10. സൂസന്ന (History of Susanna)
11. ബേലും സർപ്പവും (Bel and the Dragon)
12. മക്കാബ്യർ ഒന്നാം പുസ്തകം (Maccabees 1st)
13. മക്കാബ്യർ രണ്ടാംപുസ്തകം (Maccabees 2nd)
14. മനശ്ശേയുടെ പ്രാർത്ഥന (Prayer of Manasses)

ചിലർ ബാരൂക്കിന്റെ ആറാം അദ്ധ്യായമായ യിരെമ്യാവിന്റെ ലേഖനത്തെ പ്രത്യേക പുസ്തകമായി കണക്കാക്കാറുണ്ട്. മേൽപ്പറഞ്ഞ പതിന്നാലു പുസ്തകങ്ങളിൽ പതിനൊന്നെണ്ണം കത്തോലിക്കസഭ കാനോനികമായി അംഗീകരിച്ചിട്ടുണ്ട്. എസ്രായുടെ രണ്ടു പുസ്തകങ്ങളും മനശ്ശേയുടെ പ്രാർത്ഥനയുമാണ് കത്തോലിക്കസഭ വിട്ടുകളഞ്ഞ മൂന്നു പുസ്തകങ്ങൾ. മൂന്നു ബാലൻമാരുടെ ഗാനം, സൂസന്ന, ബേലും സർപ്പവും എന്നീ പുസ്തകങ്ങൾ ദാനിയേൽ പ്രവചനത്തിലും, എസ്തേറിന്റെ ശിഷ്ടപുസ്തകം പഴയനിയമത്തിലെ എസ്തേറിൽത്തന്നെ ഉൾക്കൊള്ളിച്ചുമാണ് കൊടുത്തിട്ടുള്ളത്. അതായത് പൂർണ അർത്ഥത്തിൽ പുസ്തകങ്ങളെന്നു പറയാവുന്നത് ഏഴെണ്ണം.

അപ്പൊക്രിഫ ഗ്രന്ഥങ്ങളിൽ ഒന്നുപോലും പഴയനിയമ എബ്രായകാനോന്റെ ഭാഗമായി അംഗീകരിക്കപ്പെട്ടിരുന്നില്ല എന്ന് പരാമർശിക്കുകയുണ്ടായി. ദൈവത്തിന്റെ അരുളപ്പാടുകൾ നൽകപ്പെട്ടിട്ടുള്ളത് അവന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ യഹൂദൻമാർക്കാണ്. (റോമർ 3:1-2) "എന്നാൽ യഹൂദനു എന്തു വിശേഷത?.......ഒന്നാമതു ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെപക്കൽ സമർപ്പിച്ചിരിക്കുന്നതുതന്നേ."

(സങ്കീ.147:19-20) "അവൻ യാക്കോബിനു തന്റെ വചനവും യിസ്രായേലിനു തന്റെ ചട്ടങ്ങളും വിധികളും വെളിപ്പെടുത്തുന്നു. അങ്ങനെ യാതൊരു ജാതിക്കും അവൻ ചെയ്തിട്ടില്ല. അവന്റെ വിധികളെ അവർ അറിഞ്ഞിട്ടുമില്ല."

എന്നാൽ അപ്പൊക്രിഫ ഗ്രന്ഥങ്ങൾ യഹൂദൻമാരാൽ അംഗീകരിക്കപ്പെടുകയോ എബ്രായ കാനോനിൽ ഉൾപ്പെടുത്തപ്പെടുകയോ ചെയ്തിട്ടില്ല. B.C.464-നും – B.C.423- നും ഇടയിൽ പഴയനിയമ കാനോൻ പൂർത്തീകരിച്ചുവെന്ന് യേശുക്രിസ്തുവിന്റെ സമകാലികനായിരുന്ന യഹൂദാചരിത്രകാരൻ, ജോസിഫസ് രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ സാധാരണ പഴയനിയമത്തിൽ കാണുന്ന 39 പുസ്തകങ്ങൾ മാത്രമേ ഉള്ളൂവെന്ന് അദ്ദേഹം പറയുന്നു.

യേശുവും അപ്പൊസ്തലൻമാരും ആദിമസഭയും ഉപയോഗിച്ചിരുന്നത് സെപ്റ്റ്വജിന്റ് (septuagint) അഥവാ ഗ്രീക്ക് പഴയനിയമം ആയിരുന്നു (Greek old Testament known as LXX).* എബ്രായ പഴയനിയമത്തിൽ അപ്പൊക്രിഫയുടെ ഗണത്തിൽപ്പെട്ട പുസ്തകങ്ങളൊന്നുംതന്നെ അംഗീകരിക്കപ്പെടുകയോ ചേർക്കപ്പെടുകയോ ചെയ്തിട്ടില്ല എങ്കിലും ഗ്രീക്ക് പഴയനിയമത്തിൽ (സെപ്റ്റ്വജിന്റ്) ഇവയിൽ പല പുസ്തകങ്ങളും, പുസ്തകഭാഗങ്ങളും കാലക്രമേണ ഇടംനേടി. Prof.G.T.Manley ഇതെപ്പറ്റി പറയുന്നത് ആദ്യ സമയങ്ങളിൽ അഥവാ B.C.3-ഉം – B.C.2 ഉം നൂറ്റാണ്ടുകളിൽ അപ്പൊക്രിഫ ഗ്രന്ഥങ്ങളൊന്നും തന്നെ സെപ്റ്റ്വജിന്റ് പതിപ്പിൽ ചേർക്കപ്പെട്ടിരുന്നില്ല. കാലക്രമേണ അവയുടെ പല ഭാഗങ്ങളും, പുസ്തകങ്ങൾ തന്നെയും അതിൽ കൂട്ടിച്ചേർക്കപ്പെടുകയാണു ണ്ടായത്.

എബ്രായ കാനോനിൽ നിന്നും അധികമായി സെപ്റ്റ്വജിന്റിൽ കാണപ്പെട്ട പുസ്തകങ്ങൾക്ക് സെയ്ന്റ് ജെറോം നൽകിയ പേരാണ് 'അപ്പൊക്രിഫ'.

പ്രൊട്ടസ്റ്റന്റ് സഭകൾ 'അനുകരണഗ്രന്ഥങ്ങൾ' (pseudo-epigraph) എന്നു വിശേഷിപ്പിച്ചിട്ടുള്ള

* സെപ്റ്റ്വജിന്റിനെ കുറിച്ച് വിശദമായി പിന്നീട് പഠിക്കേണ്ടതാകുന്നു.

പുസ്തകങ്ങളെയാണ് കത്തോലിക്കർ ഗുപ്തഗ്രന്ഥങ്ങളായി കണക്കാക്കുന്നത്. ഇവയെ എബ്രായ കാനോനിൽനിന്നും തിരിച്ചറിയേണ്ടതിന് കത്തോലിക്കസഭ അവയെ ഉത്തരകാനോനിക ഗ്രന്ഥങ്ങൾ (Deutero canonical) എന്നു വിളിക്കുന്നു. എബ്രായകാനോനിൽമാത്രം ഉണ്ടായിരുന്ന ഗ്രന്ഥങ്ങളെ പൂർവ്വകാനോനിക ഗ്രന്ഥങ്ങൾ (proto canonical) എന്നു വേർതിരിച്ചിരിക്കുന്നു. അപ്പൊക്രിഫ ഗ്രന്ഥങ്ങൾ ആദിയിൽ ഉണ്ടായിരുന്ന എബ്രായ പഴയനിയമത്തിന്റെ ഭാഗമല്ലായിരുന്നു എന്നതിന് പല തെളിവുകൾ ഉണ്ട്.

1) യഹൂദാചരിത്രകാരനായിരുന്ന ജോസിഫസ് (Josephus, A.D.37-95) ഇപ്രകാരം എഴുതിയിരിക്കുന്നു, നമുക്കിടയിൽ അസംഖ്യം പുസ്തകങ്ങൾ, ഒന്ന് മറ്റൊന്നിനോട് ചേർച്ചയില്ലാത്തവയും പരസ്പരവിരുദ്ധമായ കാര്യങ്ങൾ നിറഞ്ഞവയും ഉണ്ടാവാം. എന്നാൽ കഴിഞ്ഞ കാലത്തിന്റെ രേഖകളായി ഇരുപത്തി രണ്ടു പുസ്തകങ്ങൾ മാത്രമേ അംഗീകരിക്കാനാവൂ. അവയെ മാത്രമേ ദൈവികമായി കാണാൻ കഴിയൂ.

(പഴയ നിയമത്തിലെ പല പുസ്തകങ്ങളും വിഭജിക്കാതെ ഒന്നായി കണക്കാക്കിയതിനാലാണ് ഇന്ന് നാം ഉപയോഗിക്കുന്ന 39 പുസ്തകങ്ങളെ ജോസിഫസ് 22 എന്ന് കണക്കുകൂട്ടിയത്).

2) A.D.മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വേദപണ്ഡിതൻമാരായിരുന്ന ഓറിഗണും (Origen) തെർത്തുല്യനും (Tertullian) അപ്പൊക്രിഫ ഗ്രന്ഥങ്ങളെ കാനോനികമായി അംഗീകരിച്ചില്ല.


ഓറിഗൻ


തെർത്തുല്യൻ

3) അലക്സാൻഡ്രിയായിലെ ഫിലോ (Philo) എന്ന യഹൂദ പണ്ഡിതൻ (20 B.C. - A.D.50), തന്റെ എഴുത്തുകളിൽ എബ്രായ പഴയനിയമത്തിന്റെ ഭാഗങ്ങൾ തുടർച്ചയായി ഉപയോഗിച്ചിരുന്നു, എങ്കിലും ഒരിക്കൽപ്പോലും അപ്പൊക്രിഫ ഗ്രന്ഥങ്ങളുടെ ഭാഗങ്ങൾ ഉദ്ധരിക്കുകയോ അവയെപ്പറ്റി സൂചിപ്പിക്കുകയോ ചെയ്തിട്ടില്ല.

4) പഴയനിയമം മലാഖി പ്രവചനത്തോടുകൂടി അവസാനിക്കുന്നു. തുടർന്നുവരുന്ന നാലു നൂറ്റാണ്ടുകളെപ്പറ്റി മലാഖിയുടെ തന്നെ വാക്കുകളിൽ യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പെ ഞാൻ നിങ്ങൾക്കു ഏലിയാ പ്രവാചകനെ അയയ്ക്കും (മലാഖി 4:5). ഈ വാക്കുകൾ യോഹന്നാൻ സ്നാപകന്റെ വരവിനെക്കുറിക്കുന്നു.

സകല പ്രവാചകൻമാരും ന്യായപ്രമാണവും യോഹന്നാൻ വരെ പ്രവചിച്ചു. നിങ്ങൾക്കു ഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവു അവൻ തന്നെ. (മത്തായി 11:13 - 14).

ഒരുക്കമുള്ളോരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാൻ അവന്നു മുമ്പായി ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും. (ലൂക്കോസ് 1:17).

മലാഖിയുടെ പ്രവചനത്തിനുശേഷം യോഹന്നാൻ സ്നാപകന്റെ വരവോളം യാതൊരു പ്രവചനശബ്ദവും ഉണ്ടാകാൻ പോകുന്നില്ല എന്നതിനു മേലുദ്ധരിച്ച തിരുവചനഭാഗങ്ങൾ തന്നെ തെളിവാണ്. അതുകൊണ്ടുതന്നെ ഈ കാലയളവിൽ ഉണ്ടായ അപ്പൊക്രിഫ എഴുത്തുകളെ ദൈവികശബ്ദമായി കണക്കാക്കാൻ കഴിയുകയില്ല.

5) യേശുവും തന്റെ ചരിത്രം എഴുതിയ പുതിയനിയമ എഴുത്തുകാരൊക്കെയും പഴയ നിയമ വചനഭാഗങ്ങൾ നിർലോഭം ഉപയോഗിച്ചിട്ടുള്ളതായി നമുക്കു കാണുവാൻ കഴിയും. കുറഞ്ഞത് ആയിരം പഴയനിയമ വചനങ്ങളെങ്കിലും പുതിയ നിയമത്തിന്റെ പല ഭാഗങ്ങളിൽ യേശു തന്നെയും പുതിയ നിയമ എഴുത്തുകാരും ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ അപ്പൊക്രിഫയുടെ ഗണത്തിൽപ്പെട്ട ഏതെങ്കിലും പുസ്തകഭാഗങ്ങൾ യേശുവോ അപ്പോസ്തലൻമാരോ പുതിയനിയമ എഴുത്തുകാരോ ഉദ്ധരിക്കുകയോ അവയെപ്പറ്റി സൂചനയെങ്കിലും നൽകുകയോ ചെയ്തിട്ടില്ല.

യേശുവും അപ്പോസ്തലൻമാരും ഉദ്ധരിച്ചിട്ടുള്ളത് എബ്രായ പഴയ നിയമത്തിൽ നിന്നല്ല. മറിച്ച്, അപ്പൊക്രിഫയുടെ ഭാഗങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടിരുന്ന സെപ്റ്റ്വജിന്റ് ബൈബിളിൽ നിന്നായിരുന്നു എന്നോർക്കണം. എങ്കിൽപ്പോലും പുതിയനിയമ എഴുത്തുകാരിൽ ആരും തന്നെ അപ്പൊക്രിഫ എഴുത്തുകളെ പരാമർശിക്കുകപോലും ഉണ്ടായില്ല. ദൈവികമായ കാനോന് പുറത്തുള്ളതൊന്നും ദൈവനിശ്വാസ്യമായ തിരുവചനത്തിൽ കടന്നുവരാൻ ദൈവം അനുവദിച്ചില്ല എന്നതാണ് സത്യം.

(തുടർച്ച..... അടുത്ത ലക്കത്തിൽ)